Attn: KCWPL Act 08 Amendment 1/6

109

©
Gove nent of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram,<br>Friday<br>തിരുവനന്തപുരം,<br>വെള്ളി | 29th July 2011<br>2011 ജൂലൈ 29<br>7th Sravana 1933<br>1933 ശ്രാവണം 7 | No.<br>നമ്പർ 1465 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 4660/ലെഗ്.ബി2/2011/നിയമം.

തിരുവനന്തപുരം, 2011 ജൂലൈ 29
1933 ശ്രാവണം 7.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2011 ജൂലൈ 29-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. പി. രാമരാജ പ്രേമപ്രസാദ്,
*നിയമവകുപ്പ് സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.

33/2866/2011

fax to: 0497 - 2700645

Attn: KC WPL Act 08 Amendment 2/6



**2011-ലെ 14-ാം ആക്റ്റ്**

## 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റ് 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് അറിയപ്പെടുന്നു.

(2) ഇത് 2008 ആഗസ്റ്റ് 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 12-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 12-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾക്കു പകരം "വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (1)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഈ ആക്റ്റിലെ ലംഘനം സംബന്ധിച്ച് തനിക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ടിൻമേൽ മേൽനടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ചവരുത്തിയാൽ അയാൾ 23-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്.".

Attn: KCWPL Act 08 Amendment 3/6

111



3. 13-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ, "ഏതെങ്കിലും നെൽവയൽ" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും നെൽവയലോ തണ്ണീർത്തടമോ" എന്ന വാക്കുകളും "പ്രസ്തുത നെൽവയലിന്റെ" എന്ന വാക്കുകൾക്കു പകരം "പ്രസ്തുത നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

4. 19-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൽ, "റവന്യൂ ഡിവിഷണൽ ഓഫീസറുടെ" എന്ന വാക്കുകൾക്കു പകരം "വില്ലേജ് ഓഫീസറുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. സാധൂകരണം.—2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 38)-ന്റെ (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്കുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായി കരുതപ്പെടേണ്ടതുമാണ്.

Attn: KCWPL Act 08 Amendment 5/6

113



[Translation in English of "2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 14 OF 2011

## THE KERALA CONSERVATION OF PADDY LAND AND WETLAND (AMENDMENT) ACT, 2011

*An Act to amend the Kerala Conservation of Paddy Land and Wetland Act, 2008.*

*Preamble.*—WHEREAS, it is expedient to amend the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008) for the purposes hereinafter appearing;

BE it enacted in the Sixty-second Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act is known as the Kerala Conservation of Paddy Land and Wetland (Amendment) Act, 2011.

(2) It shall be deemed to have come into force on the 12th day of August, 2008.

2. *Amendment of section 12.*—In section 12 of the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008) (hereinafter referred as the principal Act),—

(a) in sub-section (1), for the words "not below the rank of Revenue Divisional Officer", the words "not below the rank of Village Officer" shall be substituted;

(b) for sub-section (5), the following sub-section shall be substituted, namely:—

"(5) If an officer authorised under sub-section (1) fails to take action on the report received by him regarding the violation of the Act, he shall be deemed to have committed an offence punishable under section 23.".

3. *Amendment of section 13.*—In section 13 of the principal Act, for the words "any paddy land", the words "any paddy land or wetland" and for the words "the said paddy land", the words "the said paddy land or wetland" shall, respectively, be substituted.

Attn: KCWPL Act 08 Amendment

6/6

- 114 -



4. *Amendment of section 19.*—In sub-section (1) of section 19 of the principal Act, for the words "of a Revenue Divisional Officer", the words "of Village Officer" shall be substituted.

5. *Validation.*—Notwithstanding the cesser of operation of the Kerala Conservation of Paddy Land and Wetland (Amendment) Ordinance, 2011 (38 of 2011) (hereinafter referred to as the said Ordinance),—

(a) anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the provisions of the principal Act as amended by this Act;

(b) anything done or any action taken after the cesser of operation of the said Ordinance and before the date of publication of this Act in the Gazette, which could have been done or taken under the principal Act as amended by the said Ordinance if the said Ordinance had not ceased to operate, shall be deemed to have been done or taken under the principal Act as amended by this Act.